# സെഹിയോൻ

## ബുള്ളറ്റിൻ

ജനുവരി • ഫെബ്രുവരി • മാർച്ച് 2024




**സെഹിയോൻ മാർത്തോമ്മാ ഇടവക**

**ആമല്ലൂർ, തിരുവല്ല, ഫോൺ 0469 2962135**

**Rev. Thomas Mathew**, Mob: **9745153653**, www.amalloorsehionmtc.org

LIGHTED
TO
LIGHTEN

# ആമല്ലൂർ സെഹിയോൻ
# മാർത്തോമ്മാ ചർച്ച്

## സെഹിയോൻ ബുള്ളറ്റിൻ

ജനുവരി ▸ ഫെബ്രുവരി ▸ മാർച്ച്

2024



# വികാരിയുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും 2024 അനുഗ്രഹമായിത്തീരട്ടെ. കഴിഞ്ഞ വർഷം ലഭിച്ച എല്ലാവിധ നന്മകൾക്കായും നന്ദി കരേറ്റാം. വീണു പോകാവുന്ന ഇടങ്ങളിൽ എല്ലാം വീഴാതെ നിന്നത് തമ്പുരാന്റെ കൃപമാത്രം. അവന്റെ ബലമുള്ള കരം നമുക്ക് താങ്ങായി ഉണ്ടായിരുന്നതിനാൽ സ്തോത്രം ചെയ്യാം. 2024 നമുക്ക് മുമ്പിൽ എങ്ങനെ എന്നറിയാൻ നമുക്ക് കഴിയുകയില്ല. എന്നാൽ നമ്മൾ ഏകരല്ല. 'ഞാനോ എല്ലാ നാളും നിങ്ങളോട് കൂടെ ഉണ്ട്' എന്നരുളിചെയ്തവന്റെ സാന്നിധ്യം നമുക്കുണ്ട്. മുമ്പിലേക്ക് നോക്കുമ്പോൾ സന്തോഷം നൽകുന്ന കാഴ്ചകളല്ല നമുക്ക് കാണാൻ കഴിയുന്നത്. ദൈവത്തിന്റെ സ്വന്തം നാട് എന്നഭിമാനിച്ചിരുന്ന കേരളത്തിന്റെ ഇന്നത്തെ ഗതി എന്ത്.?

ഇന്ത്യയിൽ നമ്മുടെ കേരളത്തെപ്പോലെ സുന്ദരമായ ഒരു സ്ഥലം വേറെ ഇല്ല. വളരെ അധികം നല്ല പ്രത്യേകതകൾ ഉള്ള സ്ഥലം ആയിരുന്നു കേരളം. എല്ലാവരും വന്നു പാർക്കാൻ ആഗ്രഹിച്ചിരുന്ന കേരളം. എന്നാൽ ഇന്നോ, നമ്മുടെ കാർഷിക മേഖല തകർന്നു. ഭക്ഷ്യവിളകൾക്കു പകരം നാണ്യവിളകൾ വർദ്ധിച്ചു. ഭക്ഷണ സാധനങ്ങൾക്കായി അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വന്നിരിക്കുന്നു. വ്യവസായ മേഖലകൾ വർദ്ധിക്കുന്നില്ല. ജോലി സാധ്യതകൾ കുറഞ്ഞു. കൂടാതെ കുറ്റകൃത്യങ്ങളിൽ ഒന്നാം സ്ഥാനം നേടിയിരിക്കുന്നു നമ്മുടെ നാട്. പീഡനവാർത്ത ഇല്ലാത്ത ദിവസങ്ങളില്ല. വനിതകൾക്ക് എതിരെ ഉള്ള കുറ്റകൃത്യങ്ങൾ പെരുകിയിരിക്കുന്നു. 4 വയസ്സുള്ള ശിശുവും 80 കഴിഞ്ഞ വൃദ്ധയും പീഡനത്തിനിരയാകുന്നു. ആത്മഹത്യകൾ പെരുകുന്നു. നൈരാശ്യം, മദ്യപാനം, കൃഷിനാശം, കടബാധ്യത, ആരും കരുതാൻ ഇല്ലെന്ന തോന്നൽ എന്നിവ ആത്മഹത്യയിലേക്ക് നയിക്കപ്പെടുന്നു. സ്ത്രീകളെക്കാൾ 2.5 ഇരട്ടി ആത്മഹത്യകൾ പുരുഷന്മാരുടെ ഇടയിൽ ആണ് നടക്കുന്നത്. കൂട്ടുകുടുംബങ്ങളിൽ നിന്നും അണുകുടുംബങ്ങളിലേക്കുള്ള മാറ്റം കുടുംബ ആത്മഹത്യകൾക്ക് കാരണമാകുന്നു. കൊലപാതകങ്ങൾ ഏറുന്നു. മദ്യവും ലഹരിമരുന്നുകളുമാണ് അതിന് കാരണമാകുന്നത്. ഇന്ന് സ്കൂൾ തലത്തിൽ വരെ മയക്കുമരുന്നിന്റെ ലഹരി എത്തിച്ചേർന്നിരിക്കുന്നു.

നമ്മുടെ യുവജനങ്ങൾ അന്യ നാടുകളിലേക്ക് കുടിയേറുകയാണ്. അവരുടെ ഭാവി നന്മയാക്കാൻ പറ്റിയതൊന്നും ഇവിടെ അവർ കാണുന്നില്ല. വിദേശ നാടുകളിൽ പോകുന്നവർ പഠനം കഴിഞ്ഞാലും നാട്ടിലേക്ക് തിരിച്ച് വരുവാൻ ആഗ്രഹിക്കുന്നില്ല എന്നതാണ് സത്യം. തുടർന്ന് മാതാപിതാക്കളും അവരോടൊപ്പം പോകേണ്ടതായും വരുന്നു. ഇനിയും കേരളത്തിൽ പാർക്കുന്നവരിൽ ഭൂരിഭാഗവും അതിഥിതൊഴിലാളികൾ എന്ന ഓമനപ്പേരിൽ അറിയുന്നവർ ആയിരിക്കും. ഏതു മേഖലയിലും അവരുണ്ട്. ഇപ്പോൾ ദൈവാലയ ശുശ്രൂഷയും അവരില്ലെങ്കിൽ വേറെ ആളില്ലാ എന്ന അവസ്ഥ വന്നിരിക്കുകയല്ലേ. പരിഹാരം കണ്ടെത്താൻ ഭരണകർത്താക്കൾക്കും, സഭയ്ക്കും,സമൂഹത്തിനും കഴിയണം. ഏറെ ശ്രമിക്കേണ്ടത് ഭരണകർത്താക്കൾ തന്നെ ആയിരിക്കണം എന്നാണ് എന്റെ പക്ഷം. ഭരണകർത്താക്കളുടെ ചിന്തയും പ്രവർത്തനവും അപ്രകാരം ആയിത്തീരുവാൻ നമുക്കും പ്രാർത്ഥിക്കാം.

ഫെബ്രുവരി 11 മുതൽ 18 വരെ ലോക പ്രശസ്തമായ മാരാമൺ കൺവൻഷൻ ക്രമീകരിക്കപ്പെട്ടിരിക്കുന്നു. മാരാമൺ മണൽപ്പുറത്ത് പോലീസുകാരുടെ സഹായം ഇല്ലാതെ ലക്ഷക്കണക്കിന് ആളുകൾ സംബന്ധിച്ച് മടങ്ങിപ്പോകുന്നു. കൺവൻഷന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം. മാരാമൺ കൺവൻഷൻ ആരംഭിക്കുന്ന ദിവസം തന്നെയാണ് ഈ വർഷം വലിയ നോമ്പ് ആരംഭം. നമ്മുടെ രക്ഷകനും വീണ്ടെടുപ്പുകാരനുമായ യേശുക്രിസ്തുവിന്റെ ഉപവാസവും, പീഡാസഹനവും, കുരിശുമരണവും, ഉയിർപ്പും ധ്യാനിക്കുന്ന നാളുകളാണ് വലിയ നോമ്പ് കാലം. അനുതാപത്തിന്റെയും, പുതുക്കത്തിന്റെയും, അന്യോന്യം ക്ഷമിച്ച് നിരപ്പ് പ്രാപിക്കുന്നതിന്റെയും നാളുകളാണത്. യെശയ്യ. 58:7 –ൽ പറയുന്ന ഉപവാസ പ്രക്രിയയാണ് ദൈവം ആഗ്രഹിക്കുന്നത്.

സഭാ ഭരണഘടനയുടെ സമഗ്ര പരിഷ്കരണത്തിനായി സഭാ പ്രതിനിധി മണ്ഡലത്തിന്റെ ഒരു പ്രത്യേക യോഗം 2024 ഫെബ്രുവരി 7, 8, 9 തീയതികളിൽ നടത്തപ്പെടുന്നു. ഉചിതമായ തീരുമാനങ്ങൾ സ്വീകരിക്കപ്പെടുന്നതിനായി പ്രാർത്ഥിക്കാം.

ജനുവരി മാസം താരക മാസമായി കൊണ്ടാടുന്നു. സഭയുടെ മുഖപത്രമായ താരകയുടെ വരിക്കാരായി കൂടുതൽ ആളുകൾ പങ്കുചേരണം. നിരണം-മാരാമൺ ഭദ്രാസന മുഖപത്രമാണ് 'ഭദ്രാസന ദീപം'. മൂന്ന് വർഷത്തേക്ക് 500 രൂപ വരിസംഖ്യ നൽകി ഓരോ കുടുംബങ്ങളും അതിൽ പങ്കുകാരാകണം എന്ന് അറിയിക്കുന്നു. കർത്താവ് നമ്മെ സഹായിക്കട്ടെ.

സ്നേഹപൂർവ്വം

**ജോസിയച്ചൻ**

# പഠനം

## മാമ്മോദീസ എന്ന സ്നാപനം

ക്രിസ്തീയ കുടുംബത്തിൽ ജനിച്ച മകനോ മകളോ ക്രിസ്തീയ ജീവിതം ആരംഭിക്കുന്നത് ജനനം മുതലാണ്. അല്ലാതെ സകലവും വിശ്വസിക്കുവാൻ പ്രായം ആകുമ്പോഴല്ല. അതുകൊണ്ട് തന്നെ ദൈവ വചനപ്രകാരം കുഞ്ഞുങ്ങളെ ശൈശവത്തിൽ തന്നെ തൃത്വനാമത്തിൽ സ്നാപനം നടത്തി ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ അംഗത്വത്തിലേക്ക് പ്രവേശിപ്പിക്കണം എന്നുള്ളതാണ് തിരുവചന സത്യം. പട്ടക്കാർ സ്നാപനം നടത്തുന്നു എങ്കിലും സഭയുടെ നാഥനായ കർത്താവാണ് തന്റെ ശരീരമാകുന്ന സഭയോട് നമ്മെ ചേർക്കുന്നത്. അപ്പൊ. 2:47 -ൽ 'കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോട് ചേർത്തുകൊണ്ടിരുന്നു' എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. സ്നാപനത്തിലൂടെ കർത്താവാണ് സഭയോട് ചേർക്കുന്നത് എന്ന വിശ്വാസത്താൽ ഒരിക്കൽ സ്നാപനം സ്വീകരിച്ചവരെ നമ്മൾ വീണ്ടും സ്നാപനം നടത്തുകയില്ല. പെന്തകൊസ്തിൽ നിന്നും വരുന്നവർക്ക് ആ സ്നാപനം നമ്മൾ സ്വീകരിച്ച് അവർക്കില്ലാത്ത മൂറോൻ അഭിഷേകം മാത്രമേ ചെയ്യുകയുള്ളൂ.

സ്നാപനം സ്വർഗ്ഗരാജ്യത്തിലേക്കുള്ള 'പാസ്പോർട്ട്' അല്ല. ഗലാ. 3:27 'ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു'. ക്രിസ്തുവിനെ ധരിച്ചിരിക്കുന്ന അനുഭവം എങ്കിൽ നമ്മെ കാണുന്നവർ നമ്മിൽ ക്രിസ്തുവിനെ കാണണം. റോമർ. 6:3-5 പ്രകാരം ക്രിസ്തുവിന്റെ മരണത്തോടും പുനരുദ്ധാനത്തോടും ഉള്ള ഏകീകരണമാണ് സ്നാപനം. സ്നാപനം ഒന്ന് എന്ന് സഭ പഠിപ്പിക്കുന്ന കാരണം എഫെ. 4:5 -ൽ പറയുന്ന 'കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാപനം ഒന്ന്'.

രണ്ട് പ്രധാന വാക്യങ്ങൾ സ്നാപനവുമായി ബന്ധപ്പെട്ട് സുവിശേഷങ്ങളിൽ വായിക്കുന്നു. മർക്കോസ് 16:16 'വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും.'. വിശ്വസിച്ചു സ്നാനപ്പെടാൻ ക്രിസ്തീയ സഭയിലെ വിശ്വാസികളെ ഉപദേശിക്കുകയല്ല ഇവിടെ ചെയ്യുന്നത്. ക്രൈസ്തവേതരരെ സംബന്ധിച്ചാണ് ഇത് എഴുതപ്പെട്ടത്. 16:15 -ൽ 'നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ' എന്ന് പറഞ്ഞിരിക്കുന്നത് ക്രൈസ്തവരോടല്ല എന്ന് വ്യക്തം. ക്രിസ്ത്യാനികൾ ആരും ഇല്ലാത്ത പശ്ചാത്തലത്തിൽ സുവിശേഷം പ്രസംഗിക്കാനുള്ള നിർദേശമാണിത്. അപ്പോൾ പ്രസംഗം കേട്ട് ചിലർ വിശ്വസിക്കും. അവരെ സ്നാപനം നടത്തി സഭയോട് ചേർക്കണം എന്നത്രേ പറഞ്ഞിരിക്കുന്നത്.

സഭയുടെ പശ്ചാത്തലത്തിൽ എഴുതപ്പെട്ട മത്തായിയുടെ സുവിശേഷത്തിൽ (മത്തായി 28 : 19 -20 ) ത്രിത്വനാമത്തിൽ ശിശുക്കൾക്ക് സ്നാപനം നൽകുക, ആരാധനയിലും കൂട്ടായ്മയിലും കൂടി വചനം പഠിപ്പിക്കുക, വിശ്വാസത്തിലൂടെ ശിഷ്യത്വത്തിലേക്ക് നയിക്കുക എന്നീ പടികളാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

കുഞ്ഞുങ്ങൾ വിശുദ്ധരാണോ? അതെ. 1കൊരി.7:14 -ൽ 'അവിശ്വാസിയായ ഭർത്താവ് ഭാര്യമുഖാന്തരം വിശുദ്ധീകരിക്കപ്പെട്ടും, അവിശ്വാസിയായ ഭാര്യ സഹോദരൻ മുഖാന്തരം വിശുദ്ധീകരിക്കപ്പെട്ടുമിരിക്കുന്നു. അല്ലെങ്കിൽ നിങ്ങളുടെ മക്കൾ അശുദ്ധർ എന്ന് വരും. ഇപ്പഴോ അവർ വിശുദ്ധർ ആകുന്നു'. ഒരാൾ വിശ്വാസി ആയാൽ പോലും മക്കൾ വിശുദ്ധരാണ്. വേർതിരിക്കപ്പെട്ടവരാണ്. എന്നാൽ ഭാര്യയും ഭർത്താവും വിശ്വാസികൾ എങ്കിൽ മക്കൾ അതിവിശുദ്ധരായിരിക്കും. നമ്മുടെ വിശ്വാസം മറ്റുള്ളവർക്ക് പ്രയോജനം ചെയ്യുന്നു. ഉദാ: മത്തായി 15 : 21 -28 - കനാന്യ സ്ത്രീയുടെ വിശ്വാസം മൂലം മകൾക്ക് സൗഖ്യം ലഭിച്ചു, മർക്കൊസ് 2 :1 - പക്ഷവാതരോഗിയുടെ സൗഖ്യം കൊണ്ടുവന്നവരുടെ വിശ്വാസത്താൽ. മത്തായി 8 : 5 -13 - ശതാധിപന്റെ വിശ്വാസം ബാല്യക്കാരന് സൗഖ്യം, മർക്കൊസ് 5 :21 -43 - യായീറൊസിന്റെ വിശ്വാസം മകളെ ഉയർപ്പിച്ചു. മർക്കൊസ് 9 :24 - പിതാവിന്റെ വിശ്വാസത്താൽ ബാലന് സൗഖ്യം. മത്തായി 9 :32 - കൊണ്ടുവന്നവരുടെ വിശ്വാസത്താൽ ഭൂതഗ്രസ്തന് സൗഖ്യം. സ്നാപന സമയത്ത് മാതാപിതാക്കൾ വിശ്വാസത്തോടെ പൈതലിനെ സമർപ്പിക്കുമ്പോൾ കർത്താവ് സ്വീകരിക്കും എന്നത് ദൈവവചനപ്രകാരം സത്യമായതത്രേ. മറ്റുള്ളവരുടെ വിശ്വാസത്തേക്കാൾ ശ്രേഷ്ഠമായിരിക്കുമല്ലോ സ്വന്തം കുഞ്ഞിനെക്കുറിച്ച് മാതാപിതാക്കളുടെ വിശ്വാസം.

യോഹന്നാന്റെ സ്നാപനം മാനസാന്തരത്തിന്റെ അടയാളവും ക്രിസ്തീയ സ്നാപനം പാപമോചനത്തിനായുള്ള അടയാളവുമാണ്. യോഹന്നാന്റെ സ്നാപനം ആദിമ സഭയിൽ തന്നെ നിർത്തലാക്കി. (അപ്പൊ.19 :1 -7 ). ക്രിസ്തീയ സ്നാപനം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലാണ് (മത്തായി 28 :19 ). യോഹന്നാന്റെ സ്നാപനം യേശുവിനോട് ചേരുവാൻ ആയിരുന്നില്ല. ക്രിസ്തീയ സ്നാപനം യേശുവിനോട് ചേരുന്നതിനും, യേശുവിന്റെ ശരീരമായ സഭയോട് ചേരുന്നതിനും യേശുവിന്റെ മരണത്തിൽ പങ്കാളികൾ ആകുന്നതിനു മാണ് (റോമ. 6 :3 -5 , ഗലാ. 3 :27 , 1 കൊരി. 12 : 12 -13 ).

'യേശുവിന്റെ കല്പന അനുസരിക്കുക' എന്നത് സ്നാപനം അല്ല. യേശു ജീവിച്ചിരുന്നപ്പോൾ ഒരിക്കൽ പോലും സ്നാപനത്തെ കുറിച്ച് പഠിപ്പിച്ചിട്ടില്ല. യേശു ശിഷ്യന്മാരെ ആരെയും സ്നാപനം നടത്തി ശിഷ്യത്വത്തിലേക്ക് ചേർത്തില്ല. 'നിങ്ങൾ അവന്റെ കാൽചുവട് പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ച് പോയിരിക്കുന്നു. (1 പത്രൊ 2 :21 ). ആ മാതൃക സ്നാപനം അല്ല. കഷ്ടതയുടെ മാതൃകയാണ്. (മർക്കൊ. 12 :29 -31 , മത്തായി 22 :37 -39 , യോഹ.13 :34 , യോഹ.15 :12 , 1 യോഹ.3 :23 , 1 യോഹ. 4 :7 , 1 യോഹ.4 :16, 29) ദൈവത്തെ സ്നേഹിക്കുക, മനുഷ്യനെ സ്നേഹിക്കുക എന്നതാണ് കല്പന. അത് പാലിക്കാൻ സാധിക്കാതെ സ്നാപനം സ്വീകരിക്കുന്നവൻ കള്ളൻ എന്ന് ദൈവവചനം പഠിപ്പിക്കുന്നു.

സ്നാപനം എന്ന കർമ്മത്തിലൂടെയല്ല രക്ഷ ലഭിക്കുന്നത്. ദൈവീക വിശ്വാസം രക്ഷയിലേക്കു നമ്മെ നയിക്കുന്നു. എന്നാലും പൗലൊസ് പറയുന്നത് രക്ഷ ദൈവത്തിന്റെ ദാനം ആണ് എന്നത്രേ (എഫെ. 2 :8 ). യിസ്രായേൽ ചെങ്കടൽ കടന്നതും നോഹ പെട്ടകത്തിൽ കൂടി രക്ഷപ്പെട്ടതും സ്നാപനത്തിന്റെ മുൻകുറിയായി രേഖപ്പെടുത്തിയിരിക്കുന്നു. (1 കൊരി. 10 :1-4, 1 പത്രൊ.3 :20) ഇതിൽ

വെള്ളത്തിൽ കഴുകൽ നടത്തിയവർ ആരും രക്ഷപ്പെട്ടില്ല. വെള്ളം തൊടാതെ നിന്നവരാണ് രക്ഷപെട്ടത്. നാം രക്ഷിക്കപ്പെടുന്നത് / നീതീകരിക്കപ്പെടുന്നത് സ്നാപനത്താലല്ല, ദൈവകൃപയിലാണ്. (അപ്പൊ.15 :11 , അപ്പൊ.16 :31, എഫെ. 2 :8 , ഗലാ. 3 : 26 , റോമ.10 :9 , റോമ. 4 : 24 , 28 , റോമ.10 :13 , തീത്തൊ. 3 :5 . വെളി. 7 :10) ക്രിസ്തീയ സ്നാപനം പരിശുദ്ധാത്മാവിലുള്ള സ്നാപനമാണ്. ഒരിക്കൽ സ്നാപനം സ്വീകരിച്ചവർ വീണ്ടും സ്നാപനം സ്വീകരിക്കുമ്പോൾ ആദ്യ സ്നാപനത്തിൽ വ്യാപരിച്ച പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ തള്ളിപ്പറയുകയാണ്. ആദ്യ സ്നാപനം ശരിയല്ലായിരുന്നു എന്ന് ചിന്തിക്കുന്നത് തന്നെ ദൈവദൂഷണമാണ്. അത് ക്ഷമിക്കപ്പെടാത്ത പാപമാണ് എന്ന് വചനം പറയുന്നു. (എഫെ. 4 :30 , മത്തായി 12 :32 , മർക്കൊ .3 :29, ലൂക്കൊ. 12 :10, എബ്രാ. 6 :12 – 'അതുകൊണ്ട് നിർജ്ജീവ പ്രവർത്തികളെ കുറിച്ചുള്ള മാനസാന്തരം ............ സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം .................എന്നിങ്ങനെയുള്ള അടിസ്ഥാനം പിന്നെയും ഇടാതെ ........... പരിജ്ഞാനപൂർത്തി പ്രാപിക്കുവാൻ ശ്രമിക്കുക. സ്നാപനം എന്ന അടിസ്ഥാനം വീണ്ടും ഇടാതെ ലഭിച്ച അടിസ്ഥാനത്തിൽ പണിയപ്പെടുകയാണ് വേണ്ടത്. വീണ്ടും വീണ്ടും അടിസ്ഥാനം ഇടുന്നത് വിശ്വാസമല്ല, അവിശ്വാസമാണ്. ആകയാൽ വിശ്വാസത്തിൽ വളരുകയാണ് ആവശ്യം.

**ജോസിയച്ചൻ**

തുടരും...

# സഭാ വിശേഷദിവസങ്ങൾ

| മാസം | തീയതി | ദിവസം | വിശേഷങ്ങൾ |
|---|---|---|---|
| ജനുവരി | 1 | തിങ്കൾ | നവവത്സര ദിനം |
| " | 14 | ഞായർ | ലഹരി വിരുദ്ധദിനം |
| " | 21 | ഞായർ | എക്യുമെനിക്കൽ ഞായർ |
| ' | 22 | തിങ്കൾ | മൂന്നു നോമ്പ് ആരംഭം |
| ' | 25 | വ്യാഴം | മൂന്നു നോമ്പ് വീടൽ |
| ' | 26 | വെള്ളി | ഭാരത റിപ്പബ്ലിക്ക് ദിനം |
| ഫെബ്രുവരി | 4 | ഞായർ | മെഡിക്കൽ മിഷൻ ഞായർ |
| | 11 | ഞായർ | മാരാമൺ കൺവൻഷൻ ആരംഭം / വലിയ നോമ്പ് ആരംഭം |
| | 18 | ഞായർ | മാരാമൺ കൺവൻഷൻ സമാപനം |
| മാർച്ച് | 6 | ബുധൻ | പകുതി നോമ്പ് ആരംഭം |
| " | 22 | വെള്ളി | നാല്പതാം വെള്ളി |
| " | 24 | ഞായർ | ഹോശാന |
| | 28 | വ്യാഴം | പെസഹാ വ്യാഴം |
| | 29 | വെള്ളി | ദുഃഖ വെള്ളി |
| | 31 | ഞായർ | ഉയിർപ്പുപെരുന്നാൾ |

# ഇടവക വാർത്തകൾ

**ക്രിസ്തീയ കുടുംബ പ്രതിഷ്ഠാ ദിനം:** 2023 ഒക്ടോബർ 22-ാം തീയതി ഞായറാഴ്ച കുടുംബ പ്രതിഷ്ഠാ ദിനമായി ആചരിക്കുകയും രാവിലെ 9 മണിക്ക് ആരംഭിച്ച കുടുംബ പ്രതിഷ്ഠാ ദിന ശുശ്രൂഷയ്ക്കും വിശുദ്ധ കുർബ്ബാന ശുശ്രൂഷയ്ക്കും റവ. മാത്യൂസ് മാത്തുണ്ണി നേതൃത്വം നൽകുകയും ചെയ്തു. കുടുംബ ബന്ധങ്ങൾ ദൃഢമാക്കുന്നതിനും ദൈവസന്നിധിയിൽ കുടുംബമായി നമ്മെത്തന്നെ സമർപ്പിക്കുവാനുള്ള അവസരമായി ഈ ദിനത്തെ ശുശ്രൂഷ ഉപകരിച്ചു.

**ഇടവക കൺവൻഷൻ:** നവംബർ മാസം 3,4 (വെള്ളി, ശനി) തീയതികളിൽ ഇടവക കൺവൻഷൻ നടന്നു. പള്ളിയിൽ വൈകിട്ട് 6 മണിക്ക് ആരംഭിച്ച യോഗത്തിൽ റവ. എം സി സാമുവേൽ പങ്കെടുക്കുകയും കൺവൻഷൻ പ്രസംഗം നടത്തുകയും ചെയ്തു.

**69-ാമത് ഇടവകദിനം:** നവംബർ മാസം 5-ാം തീയതി ഞായാറാഴ്ച രാവിലെ 8 മണിക്ക് ആരംഭിച്ച ഇടവകദിന ശുശ്രൂഷയിൽ ആദ്യ കുർബ്ബാന ശുശ്രൂഷയ്ക്കും വിശുദ്ധ കുർബ്ബാന ശുശ്രൂഷയ്ക്കും മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ സീനിയർ വികാരി ജനറൽ വെരി. റവ. ജോർജ്ജ് മാത്യു നേതൃത്വം നൽകി. ഇടവക വികാരി റവ. തോമസ് മാത്യു, റവ. കുരുവിള ഫിലിപ്പ് എന്നിവരും ശുശ്രൂഷകൾ നയിക്കുന്നതിൽ പങ്കാളികളായിരുന്നു. ആരാധനാമദ്ധ്യേ ഏകദിന വരുമാന സമർപ്പണവും ആരാധനാനന്തരം ഇടവകദിന പൊതുയോഗവും സ്നേഹ വിരുന്നും ഉണ്ടായിരുന്നു. ഇടവകദിന പൊതുയോഗ മദ്ധ്യേ ഈ വർഷം 80 വയസ്സ് പൂർത്തിയായ 2 പേരെയും വിവാഹജീവിതത്തിൽ 50 വർഷം പൂർത്തീകരിച്ച 3 ദമ്പതികളെയും മെമെന്റോയും ഷാളും കുടയും നൽകി ആദരിച്ചു.

**ആദ്യ കുർബ്ബാന ശുശ്രൂഷ:** എസ്ഥേർ സൂസൻ ജിജി (നെല്ലിമൂട്ടിൽ), എഡ്വിൻ എൻ ജിജി (നെല്ലിമൂട്ടിൽ), ആൻജെലിൻ എൽസ ബിനു (കണ്ണോത്ത് ), നിയ എലിൻ ബിനു (നെല്ലിമൂട്ടിൽ മന്നത്ത്), സ്റ്റെവിൻ നിഹാൻ പ്രമോദ് (കുന്നിപ്പറമ്പിൽ), ദിയ സാം (പറപ്പള്ളിൽ) എന്നീ 6 കുട്ടികൾ ഇടവക ദിനമായി ആചരിച്ച 05.11.2023 ന് ആരാധനമദ്ധ്യേ സഭയുടെ സീനിയർ വികാരി ജനറൽ വെരി. റവ. ജോർജ്ജ് മാത്യുവിൽ നിന്നും ആദ്യ കുർബ്ബാന സ്വീകരിച്ചു. ആദ്യ കുർബ്ബാന സ്വീകരിച്ച കുട്ടികൾക്ക് ഇടവക വേദപുസ്തകവും സർട്ടിഫിക്കറ്റും നൽകി.

**ഭദ്രാസന ദിനാചരണം:** 2023 നവംബർ 12 ഞായർ നിരണം - മാരാമൺ ഭദ്രാസന ദിനമായി ആചരിച്ചു. ചാത്തങ്കേരി സെന്റ്. പോൾസ് മാർത്തോമ്മാ ഇടവക വികാരി റവ. എബ്രഹാം ചെറിയാൻ വിശുദ്ധ കുർബ്ബാനയ്ക്ക് നേതൃത്വം നൽകുകയും വചന ശുശ്രൂഷ നിർവഹിക്കുകയും ചെയ്തു. .

**വെരി. റവ. മാത്യു കെ ചാണ്ടി റമ്പാന്റെ ഇടവക സന്ദർശനം:** വെരി. റവ. മാത്യു കെ ചാണ്ടി റമ്പാൻ 26.11.2023 ഞായറാഴ്ച നമ്മുടെ ഇടവക സന്ദർശിക്കുകയും തന്റെ റമ്പാൻ പദവിയിലുള്ള ഏറ്റവും അവസാനത്തെ ഞായറാഴ്ചയിലെ

വിശുദ്ധ കുർബ്ബാന ശുശ്രൂഷ നമ്മുടെ പള്ളിയിൽ നിർവഹിക്കുകയും ചെയ്തു. തദവസരത്തിൽ റമ്പാച്ചനെ സ്നേഹാദരവുകളോടെ ഷാൾ അണിയിച്ച് സ്വീകരിക്കുകയും ഡിസംബർ 2 ന് എപ്പിസ്കോപ്പയായി സ്ഥാനാഭിഷേകം ചെയ്യപ്പെടുന്ന റമ്പാച്ചന് എല്ലാവിധ ഭാവുകങ്ങളും നേരുകയും ചെയ്തു.

**ആദ്യഫല സാധന ശേഖരണവും ലേലവും:** നവംബർ 19, ഡിസംബർ 3, 17 എന്നീ തീയതികളിൽ യഥാക്രമം 3, 2, 1 പ്രാർത്ഥനാ ഗ്രൂപ്പുകളുടെ ആദ്യഫല സാധന ശേഖരണവും ലേലവും നടത്തപ്പെട്ടു.

**സഭാ ദിനാചരണം:**

2023 ഡിസംബർ മാസം 21-ാം തീയതി വ്യാഴാഴ്ച മാർത്തോമ്മാ സഭാ ദിനമായി ആചരിക്കുകയും രാവിലെ 8 മണിക്ക് പള്ളിയിൽ വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും ചെയ്തു. ശുശ്രൂഷാനന്തരം പ്രഭാതഭക്ഷണവും ക്രമീകരിച്ചിരുന്നു

**ക്രിസ്തുമസ് കരോൾ സർവ്വീസ്:** ഡിസംബർ 23-ാം തീയതി ശനിയാഴ്ച വൈകിട്ട് 6 മണിക്ക് ക്രിസ്തുമസ് കരോൾ സർവ്വിസ് പള്ളിയിൽ നടന്നു. ഇടവക ഗായകസംഘത്തിന്റെ ശ്രുതിമധുരമായ ഗാനങ്ങളാൽ അനുഗ്രഹീതമായ ഗാന ശുശ്രൂഷയിൽ മുഖ്യാതിഥി ഡോ. ജോർജ്ജ് ചെറിയാൻ ക്രിസ്തുമസ് സന്ദേശം നൽകി. സേവികാസംഘാംഗങ്ങളുടെ ഗാനാലാപനവും സൺഡേസ്ക്കൂൾ കുട്ടികളുടെ സ്കിറ്റും ഈ സന്ധ്യയെ മനോഹരമാക്കി. കരോൾ സർവ്വിസിന് ശേഷം കേക്ക് വിതരണം ചെയ്ത് ക്രിസ്തുമസ് സന്തോഷം പങ്കുവെച്ചു. യുവജന സഖ്യാംഗങ്ങളുടെ നേതൃത്വത്തിൽ പള്ളിയും പരിസരവും അലങ്കരിച്ചു.

**ജനനപ്പെരുന്നാൾ ശുശ്രൂഷ:** ഡിസംബർ 25-ാം തീയതി തിങ്കളാഴ്ച രാവിലെ 6.30 ന് ജനനപ്പെരുന്നാൾ ശുശ്രൂഷയും വിശുദ്ധ കുർബ്ബാന ശുശ്രൂഷയും നടന്നു. ശുശ്രൂഷാനന്തരം പ്രഭാതഭക്ഷണവും ക്രമീകരിച്ചിരുന്നു.

**വാച്ച് നൈറ്റ് സർവ്വീസ്:** ഡിസംബർ 31-ാം തീയതി ഞായറഴ്ച രാത്രി 10 മണിക്ക് വാച്ച് നൈറ്റ് സർവ്വീസും തുടർന്ന് വിശുദ്ധ കുർബ്ബാന ശുശ്രൂഷയും നടന്നു. ബ്ര. കോശി ജോൺസൺ വചനശുശ്രൂഷ നിർവ്വഹിച്ചു.

**വിശുദ്ധ വിവാഹം**

1. കണ്ണോത്ത് ശ്രീ ജോൺ വർഗ്ഗീസിന്റെയും ശ്രീമതി മറിയാമ്മ തോമസിന്റെയും മകൾ റിപ്സി സാറ ജോണും തുമ്പമൺ പാനിൽ പുതുപ്പറമ്പിൽ ശ്രീ പി.ഒ. കുഞ്ഞപ്പിയുടെയും ശ്രീമതി അന്നമ്മ കുഞ്ഞപ്പിയുടെയും മകൻ അജീഷ് പി. കുഞ്ഞപ്പിയും തമ്മിലുള്ള വിവാഹം 2023 നവംബർ 9-ാം തീയതി തുമ്പമൺ സെഹിയോൻ മാർത്തോമ്മാ പള്ളിയിൽ വെച്ച് നടത്തപ്പെട്ടു.

2. പുതുപ്പറമ്പിൽ ശ്രീ മാത്യു ഏബ്രഹാമിന്റെയും ശ്രീമതി ലീലാമ്മ മാത്യുവിന്റെയും മകൻ എബിൻ ജോജി മാത്യുവും ഓതറ ഒച്ചാരുകുന്നിൽ ജോയ് ഭവനിൽ ശ്രീ ജെയിംസ് ജെ. ഒച്ചാരുകുന്നിലിന്റെയും ശ്രീമതി സൂസൻ ജെയിംസിന്റെയും മകൾ റോഷിനി തങ്കം ജെയിംസും തമ്മിലുള്ള വിവാഹം 2023 ഡിസംബർ 28-ാം തീയതി ഇരുവെള്ളിപ്ര ക്രിസ്തോസ് മാർത്തോമ്മാ പള്ളിയിൽ വെച്ച് നടത്തപ്പെട്ടു.

3. നെറ്റിയാട്ടുപറമ്പിൽ ശ്രീ കോശി ജോൺസണിന്റെയും ശ്രീമതി ബെൻസി ജോൺസണിന്റെയും മകൻ ജോബ് ജോൺസൺ കോശിയും ചണ്ണപ്പേട്ട ബഥനി മാർത്തോമ്മാ ഇടവകയിൽ വയലിറക്കത്ത് ശ്രീ. ഷാജിമോൻ ബേബിയുടെയും ശ്രീമതി സുജമോൾ ഷാജിമോന്റെയും മകൾ നിസ്സി എസ്. ഷാജിയും തമ്മിലുള്ള വിവാഹം 2023 ഡിസംബർ 27–ാം തീയതി നമ്മുടെ പള്ളിയിൽ വെച്ച് നടത്തപ്പെട്ടു.

*കുടുംബജീവിതത്തിലേക്ക് പ്രവേശിച്ച നവദമ്പതികൾക്ക് സെഹിയോൻ കുടുംബത്തിന്റെ ആശംസകൾ.*

**വിശുദ്ധ മാമ്മോദീസ:**

ഇടവപ്പറമ്പിൽ ശ്രീ. നെവിൻ ജോർജ്ജ് വർഗ്ഗീസിന്റെയും ശ്രീമതി രെമ്യ മാത്യുവിന്റെയും മക്കളായ മാത്യു വർഗ്ഗീസും ഗ്രേസ് വർഗ്ഗീസും 2023 ഡിസംബർ 28–ാം തീയതി നമ്മുടെ പള്ളിയിൽ വെച്ച് മാമ്മോദീസ സ്വീകരിച്ച് സ്നാപനത്തിലൂടെ വിശുദ്ധ സഭയുടെ അംഗത്വത്തിലേക്ക് പ്രവേശിച്ചു.

ക്രിസ്തീയ സഭയുടെ അംഗത്വത്തിലേക്ക് പ്രവേശിച്ച ഈ കുഞ്ഞുങ്ങൾ ദൈവാത്മാവിൽ വളരുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുകയും പൈതങ്ങളെ ദൈവകൃപയിൽ വളർത്തുവാൻ മാതാപിതാക്കൾക്ക് കഴിയട്ടെ എന്ന് ഇടവകയായി ആശംസിക്കുകയും ചെയ്യുന്നു.

## പുതിയ കുടുംബം

പുതുപ്പറമ്പിൽ ശ്രീ ജോർജ് ഫിലിപ്പും കുടുംബവും തലവടി സെന്റ്. ജോൺസ് ഇടവകയിൽ നിന്നും റ്റി. സി. മുഖേന നമ്മുടെ ഇടവകയുടെ അംഗത്വത്തിലേക്കു പ്രവേശിച്ചു. ഈ കുടുംബത്തെ മൂന്നാം ഗ്രൂപ്പ് പ്രാർത്ഥനായോഗത്തിൽ ഉൾപ്പെടുത്തി ഇടവകയുടെ കൂട്ടായ്മയിലേക്ക് സ്വാഗതം ചെയ്യുന്നു.

## ഇടവക അറിയിപ്പുകൾ:

**ഇടവകസംഘ യോഗം:** 2024 ഫെബ്രുവരി 4–ാം തീയതി ആരാധനാനന്തരം പള്ളിയിൽ വെച്ച് ഇടവകസംഘ യോഗം കൂടുന്നതും തദവസരത്തിൽ 2024–2025 വർഷത്തേക്കുള്ള ഇടവക ഭാരവാഹികളുടെയും കമ്മിറ്റി അംഗങ്ങളുടെയും തെരഞ്ഞെടുപ്പ് നടത്തപ്പെടുന്നതുമാണ്.

**നോമ്പാചരണം:** പകുതിനോമ്പ് ആരംഭദിനമായ മാർച്ച് 6, ബുധനാഴ്ച മുതൽ വൈകിട്ട് 6.30 ന് പള്ളിയിൽ വെച്ച് സന്ധ്യാനമസ്കാര ശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്.

**സിംഗപ്പൂർ ടൂർ:** ദൈവേഷ്ടമായാൽ ഫെബ്രുവരി 19 മുതൽ 24 വരെ നമ്മുടെ ഇടവകയിൽ നിന്ന് ഒരു സംഘം ഇടവക വികാരിയുടെ നേതൃത്വത്തിൽ സിംഗപ്പൂർ സന്ദർശിക്കുന്നതാണ്.

**നാല്പതാം വെള്ളി:** മാർച്ച് 22–ാം തീയതി വെള്ളിയാഴ്ച രാവിലെ 7.30 ന് നാല്പതാം വെള്ളി വിശുദ്ധ കുർബ്ബാന ശുശ്രൂഷ നടത്തപ്പെടും.

**ഹോശാന:** മാർച്ച് 24-ാം തീയതി രാവിലെ 9.30 ന് വിശുദ്ധ കുർബ്ബാന ശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്.

**പെസഹാ:** മാർച്ച് 28-ാം തീയതി വ്യാഴാഴ്ച വൈകിട്ട് 6 മണിക്ക് പെസഹാ ആരാധനയും വിശുദ്ധ കുർബ്ബാന ശുശ്രൂഷയും ആരംഭിക്കും.

**ദുഃഖ വെള്ളി:** മാർച്ച് 29-ാം തീയതി ദുഖവെള്ളിയാഴ്ചത്തെ ആരാധന രാവിലെ 8.30 ന് ആരംഭിക്കും. ആരാധനയ്ക്കു ശേഷം പതിവ് പോലെ ഉച്ചയ്ക്ക് കഞ്ഞി ഉണ്ടായിരിക്കുന്നതാണ്.

**ഉയിർപ്പ് പെരുന്നാൾ:** മാർച്ച് 31 ഞായർ രാവിലെ 6.30 ന് ഉയിർപ്പ് പെരുന്നാൾ വിശുദ്ധ കുർബ്ബാന ശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്.

## സംഘടനാ വാർത്തകൾ

ഗായകസംഘം, സൺഡേസ്ക്കൂൾ, ഇടവകമിഷൻ, സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ്, സേവികാസംഘം, യുവജനസഖ്യം, യംഗ് വിമെൻസ് ഫെല്ലോഷിപ്പ് എന്നീ സംഘടനകളുടെ പ്രവർത്തനം ഇടവകയിൽ ക്രമീകൃതമായി നടന്നുവരുന്നു.

## ഇടവക മിഷൻ

നാലാം ചൊവ്വാഴ്ച്ച ഒഴികയുള്ള എല്ലാ ചൊവ്വാഴ്ചകളിലും വൈകിട്ട് 4.30 ന് ഇടവക മിഷൻ മീറ്റിംഗുകളും വെള്ളിയാഴ്ചകളിൽ രാവിലെ 10.30 ന് ഉപവാസ പ്രാർത്ഥനകളും പള്ളിയിൽ വെച്ച് നടന്നു വരുന്നു. മാസം തോറും പെയിൻ ആൻഡ് പാലിയേറ്റീവ് സന്ദർശനവും ഉണ്ട്. സെഹിയോൻ ഇടവകമിഷന്റെ ഒരു പാട്ടുപുസ്തകം പ്രസിദ്ധീകരിക്കുന്നതിന്റെ ക്രമീകരണങ്ങൾ നടന്നുവരുന്നു. സെന്ററിന്റെയും ഭദ്രാസനത്തിന്റെയും പ്രവർത്തനങ്ങളിൽ ശാഖ നന്നായി സഹകരിച്ചു പ്രവർത്തിക്കുന്നു.

## സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ്

എല്ലാ മാസത്തിന്റെയും നാലാം ചൊവ്വാഴ്ച വൈകിട്ട് 4 .30 ന് നിശ്ചയിക്കപ്പെട്ട ഭവനങ്ങളിൽ വെച്ച് മീറ്റിംഗ് നടത്തപ്പെടുന്നു

അടുത്ത മാസങ്ങളിലേക്ക് ക്രമീകരിച്ചിരിക്കുന്ന മീറ്റിംഗുകൾ :

ജനുവരി 23: നെല്ലിമൂട്ടിൽ ശ്രി എൻ.പി. കുരുവിളയുടെ ഭവനത്തിൽ

ഫെബ്രുവരി 28: കുഴുവിളയിൽ ബഥനി, AVS Serene Garden -ൽ പ്രൊഫ. ഡോ. കെ.എസ്. ജോർജ്ജിന്റെ ഭവനത്തിൽ

## സേവികാസംഘം

ബുധനാഴ്ചകളിൽ രാവിലെ 10.30 ന് പള്ളിയിൽ വച്ചും മാസത്തിൽ ഒരു ബുധനാഴ്ച രാവിലെ 10.30 ന് നിശ്ചയിക്കപ്പെട്ട ഭവനങ്ങളിൽ വച്ചും മീറ്റിംഗ് നടത്തപ്പെടുന്നു. . മാസംതോറുമുള്ള സെന്റർ മീറ്റിംഗുകളിലും മറ്റ് സെന്റർ, ഭദ്രാസന പരിപാടികളിലും ഇടവകയിൽ നിന്നുള്ള സേവികാസംഘാംഗങ്ങൾ സജീവമായി സംബന്ധിക്കുന്നു. ഡിസംബർ 13-ാം തീയതി തിരുവല്ല ഈസ്റ്റ്

സെന്റർ സേവികസംഘത്തിന്റെ സെന്റർ മീറ്റിംഗും ക്രിസ്തുമസ് വെറൈറ്റി പ്രോഗ്രാമും നമ്മുടെ പള്ളിയിൽ നടത്തപ്പെടുകയും നമ്മുടെ ശാഖ ആതിഥേയത്വം വഹിക്കുകയും വെറൈറ്റി പ്രോഗ്രാമിൽ സജീവമായി പങ്കെടുക്കുകയും ചെയ്തു. ഡിസംബർ 15-ാം തീയതി ആനപ്രമ്പാൽ മാർത്തോമ്മാ പള്ളിയിൽ വച്ച് നടന്ന നിരണം-മാരാമൺ ഭദ്രാസന സേവികാസംഘം ക്രിസ്തുമസ് കരോൾ സർവീസിൽ തിരുവല്ല ഈസ്റ്റ് സെന്റർ ഗായകസംഘത്തിൽ നമ്മുടെ സേവികാസംഘാംഗങ്ങളും ഗായകരായി പങ്കെടുത്തു.

## കോട്ടജ് മീറ്റിംഗുകൾ–

ജനുവരി 24: കണ്ണോത്ത് ശ്രീമതി മറിയാമ്മ ജോൺ (കൊച്ചുമോൾ) - ന്റെ ഭവനത്തിൽ

ഫെബ്രുവരി 28: നെല്ലിമൂട്ടിൽ ശ്രീമതി ആനി ജോർജ്ജിൻെറ ഭവനത്തിൽ

മാർച്ച് 27: ഞാലിലേട്ട് ശ്രീമതി വത്സമ്മ തോമസിന്റെ ഭവനത്തിൽ.

## യംഗ് വിമൻസ് ഫെല്ലോഷിപ്പ്

എല്ലാ മാസത്തിന്റെയും രണ്ടാം ഞായറാഴ്ച വൈകിട്ട് 5 മണിക്ക് പള്ളിയിൽ വെച്ച് മീറ്റിംഗ് നടത്തപ്പെടുന്നു.

## യുവജനസഖ്യം

ഒന്നിച്ചുകൂടാൻ ലഭിക്കുന്ന അവസരങ്ങളിൽ പള്ളിയിൽ വെച്ച് മീറ്റിംഗ് നടത്തപ്പെടുന്നു. ക്രിസ്തുമസ്/പുതുവത്സര ആഘോഷ സമയത്ത് പള്ളി അങ്കണവും പരിസരവും അലങ്കരിച്ച് വർണാഭമാക്കിയ യുവജനസഖ്യത്തിന്റെ പങ്ക് ഏറെ പ്രശംസനീയമാണ്. 2024 ജനുവരി 26 ന് യുവജനസഖ്യവും സൺഡേസ്‌ക്കൂൾ ജൂനിയർ ക്ലാസ് മുതലുള്ള കുട്ടികളും ചേർന്ന് കൗൺസിലിംഗ് പ്രോഗ്രാം നടത്തുവാൻ ക്രമീകരണം ചെയ്യുന്നു.

## ഗായകസംഘം

ഗായകസംഘത്തിന്റെ ഗാനപരിശീലനം ശനിയാഴ്ചകളിൽ വൈകുന്നേരം 5 മണിക്ക് പള്ളിയിൽ വെച്ച് നടത്തപ്പെടുന്നു. ക്രിസ്തുമസ് കരോൾ സന്ധ്യ ഗായകസംഘത്തിന്റെ ശ്രുതിമധുരമായ ഗാനങ്ങളാൽ ഏറെ ആകർഷകമായിരുന്നു. ചിട്ടയോടുകൂടിയ പരിശീലനവും കഠിനാദ്ധ്വാനവും പരിശീലകരുടെയും ക്വയർ ലീഡേഴ്സിന്റെയും ആത്മാർത്ഥതയും പ്രോഗ്രാമിലുടനീളം പ്രകടമായിരുന്നു. ഗായകസംഘത്തെ പരിശീലിപ്പിച്ച ഇടവപ്പറമ്പിൽ ശ്രീ. സി. വർഗീസ്, നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകിയ ക്വയർ ലീഡേഴ്സ് ആയ മുല്ലമംഗലത്ത് ശ്രീമതി അക്കാമ്മ കോശി, മങ്ങാട്ട് ശ്രീമതി ബിനി സാംജി എന്നിവരുടെ സേവനം വളരെ വിലപ്പെട്ടതും സ്തുത്യർഹവുമായിരുന്നു.

## സണ്ടേസ്കൂൾ

ഞായറാഴ്ച രാവിലെ 7.30 ന് ക്ലാസുകൾ ആരംഭിക്കുന്നു.

# ബൈബിൾ ക്വിസ് - സെഖര്യാവ്

1. ചുവന്ന കുതിരപ്പുറത്ത് കയറിവന്ന പുരുഷൻ നിന്നത് എവിടെയാണ്?
2. യഹോവ ആർക്കെല്ലാം വേണ്ടിയാണ് മഹാതീഷ്ണതയോടെ എരിയുന്നത് ?
3. കയ്യിൽ അളവ് നൂൽ പിടിച്ചിരുന്ന പുരുഷൻ സെഖര്യാവിന്റെ ചോദ്യത്തിന് ഉത്തരമായി എന്താണ് പറഞ്ഞത്?
4. മതിലില്ലാതെ തുറന്ന് കിടക്കും എന്ന് പറയപ്പെട്ട സ്ഥലം ഏത് ?
5. ചാടിപ്പോക എന്ന് ബാബേൽ പുത്രിയുടെ അടുക്കൽ പാർക്കുന്ന ആരോടാണ് യഹോവ പറഞ്ഞത് ?
6. സാത്താൻ കുറ്റം ചുമത്തിയ മഹാപുരോഹിതൻ ആര് ?
7. യോശുവയ്ക്കും കൂട്ടുകാർക്കും വേണ്ടി യഹോവയാൽ വരുത്തപ്പെട്ട ദാസന്റെ പേരെന്ത് ?
8. സൈന്യത്താലല്ല ശക്തിയാലല്ല എന്റെ ആത്മാവിനാലത്രേ എന്ന് യഹോവ ആരോടാണ് അരുളിചെയ്തത് ?
9. യഹോവയുടെ ഏഴ് കണ്ണുകൾ എന്ത് കണ്ടാണ് സന്തോഷിക്കുന്നത് ?
10. സർവ്വദേശത്തിലേക്കും പുറപ്പെടുന്ന ശാപം എന്ന് എന്തിനെക്കുറിച്ചാണ് പറഞ്ഞത് ?
11. കള്ളന്റെ വീട്ടിലേക്കും കള്ളസത്യം ചെയ്യുന്നവന്റെ വീട്ടിലേക്കും ചെന്ന് താമസിക്കുന്നതെന്താണ് ?
12. 'അത് സർവ്വ ദേശത്തിലും ഉള്ള അവരുടെ അകൃത്യം', ഏത് ?
13. താമ്ര പർവ്വതങ്ങളുടെ ഇടയിൽ നിന്ന് പുറപ്പെട്ടതെന്ത് ?
14. യോശിയാവിന്റെ വീട്ടിൽ നിന്ന് വന്ന പ്രവാസികൾ ആരെല്ലാം ?
15. യഹോവ സീയോനിലേക്ക് വന്ന് യെരുശലേമിന്റെ മദ്ധ്യേ വസിക്കുമ്പോൾ അതിനു എന്ത് പേരാകും ?
16. ആരുടെ ഗർവ്വമാണ് യഹോവ ഛേദിച്ച് കളയുന്നത് ?
17. ഏത് നദിയുടെ ആഴങ്ങളാണ് വറ്റിപ്പോകുന്നത് ?
18. അറുപ്പാനുള്ള ആടുകളെ മേയിക്കേണ്ടതിന് യഹോവ എടുത്ത കോലുകളുടെ പേരെന്ത് ?
19. ദൈവത്തേ പോലെയും അവരുടെ മുമ്പിലുള്ള യഹോവയുടെ ദൂതനെപ്പോലെയും ആകുന്നത് ആര് ?
20. അന്ത്യകാലത്ത് ആരെയൊക്കയാണ് യഹോവ ദേശത്തു നിന്ന് നീക്കി കളയുന്നത് ?
21. 'ആടുകൾ ചിതറിപ്പോകേണ്ടതിന് ഇടയനെ വെട്ടുക' എന്ന് യഹോവ ആരോടാണ് ആവശ്യപ്പെടുന്നത് ?
22. യഹോവ സകല ജാതികളെയും ആരോട് യുദ്ധം ചെയ്യുവാനാണ് കൂട്ടിവരുത്തുന്നത് ?
23. യഹോവയെ നമസ്കരിപ്പാൻ യെരുശലേമിലേക്ക് വരാത്തവർക്ക് ലഭിക്കാതെ പോകുന്നതെന്ത് ?
24. യെരുശലേമിലേക്ക് ഏത് പെരുന്നാൾ ആചരിക്കാൻ വരാത്തവരെയാണ് ശിക്ഷിക്കുന്നത് ?
25. സൈന്യങ്ങളുടെ യഹോവയുടെ ആലയത്തിൽ പ്രവേശനം നിഷേധിക്കപ്പെടുന്നത് ആർക്ക് ?

ശരിയുത്തരം ലഭിക്കേണ്ട അവസാന തീയതി 2024 ഫെബ്രുവരി 29)

# കഴിഞ്ഞ ലക്കത്തിലെ ശരിയുത്തരങ്ങൾ

## (പത്രൊസ് 1 & 2)

1. ദൈവത്തിന്റെ മുന്നറിവിന് ഒത്തവണ്ണം ആത്മാവിന്റെ വിശുദ്ധീകരണം പ്രാപിച്ച് അനുസരണം കാണിപ്പാനും ക്രിസ്തുവിന്റെ രക്തത്താൽ തളിക്കപ്പെടുവാനുമായി. (1 പത്രൊ. 1:2)
2. വിശ്വാസത്തിന്റെ പരിശോധന (1 പത്രൊ. 1:7)
3. യേശുവിന്റെ പ്രത്യക്ഷതയിൽ തങ്ങൾക്ക് വരുവാനുള്ള കൃപയിൽ (1 പത്രൊ. 1:13)
4. ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവ വചനത്താൽ (1 പത്രൊ. 1:23)
5. 2 പത്രൊസ് 3:1 – 2
6. ജാതികളുടെ ഇടയിൽ (1 പത്രൊ. 1:12)
7. നീതിക്കുവേണ്ടി കഷ്ടം അനുഭവിക്കുക, നന്മ ചെയ്തിട്ട് കഷ്ടം വന്നാലും സഹിക്കുക. (1 പത്രൊ . 2:20 – 21) or ക്രിസ്തു സഹിച്ച കഷ്ടതയുടെ മാതൃക
8. സൗമ്യതയും ഭയഭക്തിയും പൂണ്ട് (1 പത്രൊ. 3:15)
9. പ്രാർത്ഥനയ്ക്ക് സുബോധം ഉള്ളവരും നിർമ്മദരും ആയിരിക്കണം. ഉറ്റസ്നേഹം ഉള്ളവരായിരിക്കണം. അതിഥി സൽക്കാരം ആചരിക്കണം, അന്യോന്യം ശുശ്രൂഷിക്കുന്നവരായിരിക്കണം (1 പത്രൊ. 4:7 – 11)
10. താഴ്മ (1 പത്രൊ. 5:5)
11. സ്നേഹം (1 പത്രൊ. 4:8)
12. നീതിമാൻ (1 പത്രൊ. 4:18)
13. ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് പങ്കുള്ളവരാകണം (1 പത്രൊ. 4:13)
14. അപ്പൊസ്തലൻ (1 പത്രൊ. 1:1), കൂട്ടുമൂപ്പൻ, ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിന് സാക്ഷി, വെളിപ്പെടുവാനുള്ള തേജസ്സിനു കൂട്ടാളി (1 പത്രൊ. 5:1), ദാസൻ (2 പത്രൊ. 1:1)
15. പത്രൊസിന്റെ വാക്കുകളെ എഴുതിയ വിശ്വസ്തസഹോദരൻ (1 പത്രൊ. 5:12),
16. പ്രവചനം (2 പത്രൊ. 1:21)
17. നീതികെട്ടവരെ (2 പത്രൊ. 2:9 – 10)
18. സ്വന്തമോഹങ്ങളെ അനുസരിച്ചു നടക്കുന്ന പരിഹാസികൾ (2 പത്രൊ. 3:4)
19. കൃപയിലും യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും (2 പത്രൊ. 3:18) രക്ഷക്കായി വചനം എന്ന മായമില്ലാത്ത പാൽ കുടിച്ചും (1 പത്രൊ. 2:1 – 2)
20. ലോകത്തിന്റെ മോഹത്താലുള്ള നാശം (2 പത്രൊ. 1:4)

**ബൈബിൾ ക്വിസ് കഴിഞ്ഞ ലക്കത്തിൽ സമ്മാനാർഹരായവർ**

1. ശ്രീമതി ഏലിയാമ്മ കെ. ജെ., കൊതപ്പുഴശ്ശേരിൽ
2. ശ്രീമതി മിനി മാത്യു, നെയ്പ്പള്ളിൽ

| ആരാധനാ സഹായ ക്രമീകരണങ്ങൾ | | |
|---|---|---|
| പ്രാർത്ഥനായോഗങ്ങൾ / സംഘടനകൾ | | |
| 07.01.2024 | ഞായർ | സണ്ടേസ്കൂൾ |
| 14.01.2024 | ഞായർ | യംഗ് വിമൻസ് ഫെല്ലോഷിപ്പ് |
| 21.01.2024 | ഞായർ | സേവികാ സംഘം |
| 28.01.2024 | ഞായർ | പ്രാർത്ഥനാ ഗ്രൂപ്പ് 1 |
| 04.02.2024 | ഞായർ | പ്രാർത്ഥനാ ഗ്രൂപ്പ് 2 |
| 04.02.2024 | ഞായർ | പ്രാർത്ഥനാ ഗ്രൂപ്പ് 3 |
| 11.02.2024 | ഞായർ | ഇടവക മിഷൻ |
| 18.02.2024 | ഞായർ | ഗായക സംഘം |
| 25.02.2024 | ഞായർ | സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ് |
| 03.03.2024 | ഞായർ | യുവജന സഖ്യം |
| 10.03.2024 | ഞായർ | സണ്ടേസ്കൂൾ |
| 17.03.2024 | ഞായർ | യംഗ് വിമൻസ് ഫെല്ലോഷിപ്പ് |
| 22.03.2024 | വെള്ളി | സേവികാ സംഘം |
| 24.03.2024 | ഞായർ | ഇടവക മിഷൻ |
| 28.03.2024 | വ്യാഴം | സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ് |
| 29.03.2024 | വെള്ളി | പ്രാർത്ഥനാ ഗ്രൂപ്പ് 1, 2 & 3 |
| 29.03.2024 | ഞായർ | കൈസ്ഥാന സമിതി |



| ഞായറാഴ്ച്ചകളിലെ പാഠം വായനാഭാഗങ്ങൾ | | | | |
|---|---|---|---|---|
| **തീയതി** | **ഒന്നാം പാഠം** | **രണ്ടാം പാഠം** | **ലേഖനം** | **ഏവൻഗേലിയോൻ** |
| 2024 ജനുവരി | | | | |
| 7 ഞായർ | യെശ. 61:1-11 | അ.പ്ര. 20:17-24 | കൊലൊ. 1:24-29 | വി.മത്താ. 9:35-38 |
| 14 ഞായർ | സദൃ. 23:19-35 | 1 തെസ്സ. 5:1-11 | എഫെ. 5:15-20 | വി.മത്താ. 5:13-16 |
| 21 ഞായർ | സംഖ്യ. 11:23-30 | 1 കൊരി. 3:1-9 | എഫെ. 4:1-17 | വി.യോഹ.15:8-16 |
| 28 ഞായർ | നെഹ. 2:11-18 | 1പത്രൊ. 2:1-12 | റോമ. 12:9-21 | വി.മത്താ. 13:31-34 |
| 2024 ഫെബ്രുവരി | | | | |
| 4 ഞായർ | 2രാജാ. 20:1-11 | അ.പ്ര. 14:8-15 | യാക്കോ. 5:13-18 | വി.യോഹ. 9:1-11 |
| 11 ഞായർ | യെഹ. 18:21-32 | 2 കൊരി. 5:17-21 | റോമ. 13:11-14 | വി.യോഹ. 2:1-11 |
| 18 ഞായർ | 2രാജാ. 5:1-14 | അ.പ്ര. 10:34-43 | 1 യോഹ. 1:5-10 | വി.മത്താ. 8:1-4 |
| 25 ഞായർ | 2രാജാ. 4:16-37 | അ.പ്ര. 5:12-16 | എഫെ. 2:1-8 | വി.ലൂക്കൊ. 5:17-26 |
| 2024 മാർച്ച് | | | | |
| 3 ഞായർ | ഉൽപ. 12:1-9 | അ.പ്ര. 8:26-40 | റോമ. 15:14-21 | വി.മർക്കൊ. 7:24-30 |
| 10 ഞായർ | പുറ. 3:1-15 | അ.പ്ര. 27:9-25 | ഫിലി. 1:12-20 | വി.ലൂക്കൊ. 13:10-17 |
| 17 ഞായർ | ഉൽപ. 21:9-19 | അ.പ്ര. 12:5-16 | റോമ. 8:26-30 | വി.മർക്കൊ. 10:46-52 |
| 22 വെള്ളി | യിരെ. 7:3-17 | 1പത്രൊ. 1:13-22 | റോമ. 8:35-39 | വി.ലൂക്കൊ. 4:1-13 |
| 24 ഞായർ | സെഖ. 9:9-17 | എഫെ. 2:11-22 | ഫിലി. 4:4-9 | വി.ലൂക്കൊ. 19:29-40 |
| 28 വ്യാഴം | പുറ. 12:1-20 | ഫിലി. 2:1-11 | 1 കൊരി. 11:23-34 | വി.മത്താ. 26:17-29 |
| 29 വെള്ളി (1) | യെശ. 53 | 1പത്രൊ.1 | വി.മത്താ.26:47-75 | |
| (2) | സെഖ. 13:1-9 | ഗലാ. 3:1-22 | വി.മത്താ.27:1-44 | |
| (3) | സംഖ്യ.21:1-9 | എബ്രാ. 3:1-19 | വി.മത്താ.27:45-56 | |
| 31 ഞായർ | യെശ. 60:12-21 | 1 കൊരി.15:42-58 | 1 കൊരി. 15:20-28 | വി.യോഹ. 20:1-18 |

## ഞായറാഴ്ചകളിൽ നടത്തപ്പെടുന്ന പ്രാർത്ഥനായോഗങ്ങൾ

| തീയതി | ഒന്നാം ഗ്രൂപ്പ് | രണ്ടാം ഗ്രൂപ്പ് | മൂന്നാം ഗ്രൂപ്പ് |
|---|---|---|---|
| | 4.00 പി.എം. | 3.00 പി.എം. | 4.00 പി.എം. |
| 07.01.2024 | | ജോൺ വർഗ്ഗീസ് മങ്ങോട്ട് | ശശി വർഗീസ് ഇടവപ്പറമ്പിൽ |
| 14.01.2024 | നിരണം– മാരാമൺ ഭദ്രാസന കൺവൻഷൻ സമാപനം | | |
| | സൂസൻ മാത്യു പറപ്പള്ളിൽ | | |
| 21.01.2024 | വത്സ സ്കറിയ ആനിക്കാട്ട് | ജോൺ വർഗ്ഗീസ് കണ്ണോത്ത് | ചാക്കോ ചെറിയാൻ (ബാബു) തെക്കേമുറിയിൽ |
| 28.01.2024 | സംയുക്ത പ്രാർത്ഥന – മൂന്നാം ഗ്രൂപ്പ് | | |
| 04.02.2024 | കോശി ജോൺസൻ നെറ്റിയാട്ടുപറമ്പിൽ | Late ശ്രീ എം.ഒ. കോശി മൂലമണ്ണിൽ | മാത്യൂസ് കെ ജോർജ്ജ് കുഴിക്കാലയിൽ |
| 11.02.2024 | മാരാമൺ കൺവൻഷൻ പ്രാരംഭം | | |
| 18.02.2024 | മാരാമൺ കൺവൻഷൻ സമാപനം | | |
| 25.02.2024 | സംയുക്ത പ്രാർത്ഥന ഒന്നാം ഗ്രൂപ്പ് | | |
| 03.03.2024 | ചിന്നമ്മ തോമസ് ഞാലിലേട്ട് | ഏബ്രഹാം വർഗ്ഗീസ്, കണ്ണോത്ത് കാഞ്ഞിരമറ്റം | എൻ.പി. ശാമുവേൽ നെല്ലിമൂട്ടിൽ |
| 10.03.2024 | നോമ്പ് ആരാധന | | |
| 17.03.2024 | നോമ്പ് ആരാധന | | |
| 24.03.2024 | ഹോശാന ഞായർ | | |
| 31.03.2024 | ഉയിർപ്പുപെരുന്നാൾ | | |

## പ്രത്യേക ശ്രദ്ധയ്ക്ക്

1. 2024 ഏപ്രിൽ - ജൂൺ സെഹിയോൻ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കേണ്ട പ്രാർത്ഥനായോഗങ്ങളുടേയും സംഘടനകളുടേയും വാർത്തകളും, അറിയിപ്പുകളും, ലേഖനങ്ങളും മാർച്ച് 15-ാം തീയതിക്കു മുമ്പായി സെക്രട്ടറിയെ ഏൽപ്പിക്കുവാൻ പ്രാർത്ഥാനഗ്രൂപ്പുകളുടേയും പോഷകസംഘടനകളുടേയും ചുമതലക്കാർ ശ്രദ്ധിക്കുക.
2. സെഹിയോൻ ബുള്ളറ്റിൻ സ്പോൺസർ ചെയ്യുവാൻ ആഗ്രഹിക്കുന്നവർ ട്രസ്റ്റിയെയൊ സെക്രട്ടറിയെയൊ പ്രസ്തുത വിവരം അറിയിക്കുവാൻ താൽപര്യപ്പെടുന്നു.
3. സെഹിയോൻ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുവാൻ മൂല്യമുള്ള കലാസൃഷ്ടികളും കവിതകളും ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് വികാരിയെയൊ, സെക്രട്ടറിയെയൊ സമീപിക്കുക. പ്രസിദ്ധീകരിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള അന്തിമ തീരുമാനം വികാരിയുടേതായിരിക്കും.

| ഇടവകയിലെ സാധാരണ പരിപാടികൾ | |
|---|---|
| ഞായർ രാവിലെ 7.30 | സൺഡേസ്കൂൾ |
| ഞായർ രാവിലെ 9.30 | വിശുദ്ധ കുർബ്ബാന |
| ഞായർ ശുശ്രൂഷാനന്തരം | യുവജനസഖ്യം |
| ചൊവ്വ വൈകിട്ട് 4.30 | ഇടവകമിഷൻ |
| ബുധൻ രാവിലെ 10.30 | സേവികാസംഘം |
| വെള്ളി രാവിലെ 10.30 | ഉപവാസപ്രാർത്ഥന |
| 4–ാം ചൊവ്വ വൈകിട്ട് 4.30 | സീനിയർ സിറ്റിസൺ ഫെലോഷിപ്പ് |
| 2–ാം ഞായർ വൈകിട്ട് 5.00 | യംഗ് വിമൻസ് ഫെലോഷിപ്പ് |
| ശനി വൈകിട്ട് 5.00 | ഗായകസംഘ ഗാനപരിശീലനം |

**മാസത്തിലെ 4–ാം വ്യാഴാഴ്ച രാവിലെ 10 മണിക്ക്**
**പെയിൻ & പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ**
**നേതൃത്വത്തിൽ ഭവന സന്ദർശനം**



## പുതുവത്സരാശംസകൾ...

For Private Circulation Only

RED Media I 8281 656 412